ഇതുകൂടാതെ, കണ്ണൂർ എയർപോർട്ടിന്റെ നോഡൽ ഏജൻസി എന്ന നിലയിൽ 1698 ഏക്കർ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്.

(ബി) കിൻഫ്ര ഇതുവരെ 9 ജില്ലകളിലായി വ്യാവസായിക വികസനത്തിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ശതമാന കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി-എഫ്) വിവരം ശേഖരിച്ചു വരുന്നു.

പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

231 (†2469) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾ ഉന്നയിച്ചു വരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗം വിളിക്കുകയുണ്ടായോ ;

(ബി) പ്രസ്തുത യോഗതീരുമാനങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത തീരുമാനങ്ങൾ നടപ്പായിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് 28-1-2014-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്നിരുന്നു. കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 30-5-2014 തീയതിയിൽ റവന്യൂ-കയർ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു.

(ബി) ഓരോ വ്യവസായത്തിനും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും യൂണിയൻ നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുവാൻ തീരുമാനിച്ചു. ഓരോ വ്യവസായതലത്തിലുള്ള ചർച്ചകൾക്കു ശേഷം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി അന്തിമ തീരുമാനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊള്ളുവാനും തീരുമാനിച്ച പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തി നടപടികൾക്ക് ആറു മാസത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുവാനും ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്ത തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുവാനും ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള ഇക മാസംതോറും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമായി. ആഭ്യന്തര തൊണ്ടു സംഭരണത്തിന് ക്രിയാത്മകവും ഫലപ്രദവുമായ ഒരു പദ്ധതി എല്ലാവരും കൂടി ചർച്ച ചെയ്ത് കണ്ടെത്തണമെന്നും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനമെടുത്തിരുന്നു. നാളികേര തൊണ്ട് സംഭരണത്തിന് വരുംവർഷത്തിൽ സർക്കാർ മുന്തിയ പരിഗണന നൽകുവാനും കയർ പിരിമേഖലയിലെ കൂലി 260 രൂപയിൽ നിന്നും 1-3-2014 മുതൽ 300 രൂപയായി വർദ്ധിപ്പിക്കുവാനും വർദ്ധിപ്പിച്ച കൂലി സംഘങ്ങൾ നൽകേണ്ടിവരുന്നതിനാൽ കയറിന്റെ സംഭരണവില അതനുസരിച്ച് പുതുക്കി നിശ്ചയിക്കുവാൻ കയർഫെഡിന് നിർദ്ദേശം നൽകുവാനും ഉൽപ്പന്നങ്ങളുടെ വിലയും അതനുസരിച്ച് നിശ്ചയിക്കുവാൻ ഗ്രീവൻസ് കമ്മിറ്റി കൂടുവാൻ കയർ കോർപ്പറേഷന് നിർദ്ദേശം നൽകുവാനും തൊഴിലാളികൾക്ക് തൊഴിൽ നൽകുമെന്ന് ഉറപ്പുള്ള സംഘങ്ങളെ കൂടുതൽ പ്രാധാന്യം നൽകി സഹായിക്കുമെന്നും തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് ഒരു പുതിയ ആകർഷകമായ പദ്ധതി ആവിഷ്കരിക്കുമെന്നും റവന്യൂ-കയർ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗങ്ങളിൽ തീരുമാനമെടുത്തിരുന്നു.

(സി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തി നടപടികൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഓരോ മേഖലയിലും ഉൾപ്പെടുന്ന സാമ്പത്തിക ബാദ്ധ്യത പ്രത്യേകം കാണിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉല്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്ത തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുമെന്ന തീരുമാനവും നടപ്പാക്കുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള ഇക മാസം തോറും വിതരണം ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കയർ മേഖലയിലെ ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ

സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്നതിനായി സർക്കാർ കയർഫെഡിനെ ചുമതലപ്പെടുത്തുകയും ഇതിനായി കയർഫെഡിന് ധനസഹായം അനുവദിക്കുകയും ചെയ്തു. കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300 രൂപയായി വർദ്ധിപ്പിച്ചു. കയറിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. ഗ്രീവൻസ് കമ്മിറ്റി കൂടി കയർ ഉൽപ്പന്നങ്ങളുടെ വിലയും പുതുക്കി നിശ്ചയിച്ചു. ചകിരി ഉൽപ്പാദനത്തിന് നാളികേര വികസന ബോർഡുമായി ചേർന്നുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി.

മാവൂരിൽ പരിസ്ഥിതി സൗഹൃദ വ്യവസായം

232 (2470) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂരിൽ പരിസ്ഥിതി സൗഹൃദ വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ &ബി) മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രവർത്തിച്ചിരുന്ന സ്ഥലം ഉപയോഗപ്പെടുത്തി ഹൈടെക് ഇൻഡസ്ട്രിയൽ സർവ്വീസസ് ടൗൺഷിപ്പ് സ്ഥാപിക്കുന്നതിന് കമ്പനി സമർപ്പിച്ച സാധ്യത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ നടപടി

233 (2471) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് ഘടന നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly